# ആൾക്കൂട്ടം

*പരസ്പരം ചവിട്ടേൽക്കത്തക്ക വിധം*
*ആയിരക്കണക്കിന് ജനങ്ങൾ തിങ്ങിക്കൂടി.*
*അപ്പോൾ അവൻ ശിഷ്യരോട് പറയാൻ തുടങ്ങി.*
*"ഫരിസേയരുടെ കാപട്യമാകുന്ന പുളിപ്പിനെ സൂക്ഷിക്കുക" (ലൂക്കാ 12.1).*

ആൾക്കൂട്ടത്തിന്റെ അപായസൂചനകൾ ക്രിസ്തു തിരിച്ചറിഞ്ഞതുപോലെ അധികം ആരും അറിഞ്ഞിട്ടുണ്ടാവില്ല. അതുകൊണ്ടാണ് ജനക്കൂട്ടം തിക്കുകയും തിരക്കുകയും ചെയ്യുമ്പോൾ അവനങ്ങനെ ഉറക്കെ പറഞ്ഞത്. അധികാരത്തിന്റെയും അനുഷ്ഠാനത്തിന്റെയും അസത്യത്തിന്റെയും പുളിപ്പാണത്. പുളിമാവ് പ്രിയമല്ലാത്തൊരു പദമായിരുന്നു യഹൂദർക്ക്. കാരണം പുളിക്കുക എന്നതിന്റെ അർത്ഥം ജീർണ്ണിക്കുക എന്നല്ലാതെ എന്ത്. നമ്മൾ പോലുമറിയാതെ എന്തോ ചില കാര്യങ്ങൾ ആന്തരികജീർണ്ണതയെ ത്വരിതപ്പെടുത്തുന്നുണ്ട്. ജാഗ്രതയുണ്ടാവണം.

ആൾക്കൂട്ടത്തിന്റെ അഭിനന്ദനങ്ങളോടുപോലും ഒരാൾ അകലം സൂക്ഷിക്കേണ്ടതുണ്ടെന്ന് അവൻ ഭൂമിയെ പഠിപ്പിച്ചു. ആ ചതുർശാപങ്ങൾ ഓർമ്മിക്കുക. (ലൂക്കാ 6.24–26) അതിലൊന്ന് : മനുഷ്യരെല്ലാം നിങ്ങളെ പ്രശം സിച്ച് സംസാരിക്കുമ്പോൾ നിങ്ങൾക്ക് ദുരിതം. അവരുടെ പിതാക്കന്മാർ വ്യാജപ്രവാചകന്മാരോടും അങ്ങനെ തന്നെ ചെയ്തു.

അഭിനന്ദനങ്ങളിൽ മറഞ്ഞിരിക്കുന്ന അപകടമെന്തായിരിക്കണം. പൊതുസമൂഹത്തിന്റെ അഭിലാഷങ്ങൾക്ക് വഴങ്ങിയും വണങ്ങിയും ജീവിക്കുന്നവർക്ക് ഉള്ള പട്ടും വളയുമാണത്. അതുകൊണ്ടാണ് ഒരിടത്തിൽ നിങ്ങൾ സ്വീകാര്യനായി കഴിഞ്ഞുവെന്നറിഞ്ഞാൽ ഒരുമാത്ര പോലും വൈകാതെ ആ ഇടം വിട്ടുപോണമെന്ന് ചില ഗുരുക്കന്മാർ അവരുടെ സാധകരോട് അനുശാസിച്ചത്. എല്ലാർക്കും ഇണങ്ങിയ മട്ടിൽ പറയുകയും ചിന്തിക്കുകയും ചെയ്യുന്നവരാണ് എല്ലാ കാലത്തിന്റെയും സ്വീകാര്യർ. ആ പഴയ സൂഫികഥ പോലെ. ഗ്രാമത്തിലെ പ്രവാചകന് വെളിപാടുണ്ടാവുന്നു. നാളത്തെ മഴക്കുശേഷം തടാകത്തിൽ നിന്ന് വെള്ളം കുടിക്കുന്നവർക്ക് ഭ്രാന്തു പിടിക്കുമെന്ന്. അയാൾ ആ രാത്രി തന്നെ വലിയ കൽഭരണികളിൽ വെള്ളം കരുതി വച്ചു. പിറ്റേന്ന് മഴയ്ക്കു ശേഷം തടാകത്തിൽ നിന്ന് വെള്ളമെടുത്ത മുഴുവൻ ഗ്രാമത്തിനും ഭ്രാന്തു പിടിച്ചു. അയാൾ അവരോട് എന്തൊക്കെയോ സംവേദിക്കാൻ നോക്കുന്നുണ്ട്. അവർ കൂക്കി വിളിച്ചു: ഭ്രാന്ത്! അങ്ങനെ ഒരാൾക്ക് എത്ര കാലം ഒറ്റപ്പെട്ട് ജീവിക്കാനാകും. ആ കൽഭരണികളൊക്കെ അയാൾ ഉടച്ചു കളഞ്ഞു. നേരെ തടാകത്തിലേക്ക് ഇറങ്ങി വെള്ളം കുടിച്ച് എല്ലാവരെയും പോലെ നോർമലായി. മനുഷ്യർ ഒരേ ഭാഷ സംസാരിക്കുന്നതിന്റെ കാരണമതായിരിക്കണം. അറിവും പ്രകാശവുമില്ലാഞ്ഞിട്ടല്ല – എന്നിട്ടും. നിങ്ങൾക്കു കുഴപ്പമില്ല എന്നൊരാൾക്കൂട്ടം തിട്ടൂരം തരുമ്പോൾ ഹാ നിങ്ങൾക്ക് കഷ്ടം എന്നാണവൻ പറഞ്ഞു വച്ചത്. fickle mob എന്നാണ് സീസർ അവരെ വിളിക്കുന്നത്. കാരണം ഇപ്പോൾ തന്നെ അഭിനന്ദിക്കുവാൻ തടിച്ചുകൂടിയിരിക്കുന്ന ഈ ജനക്കൂട്ടം ഇന്നലെ ജയിച്ചുവന്ന പോംപെയെ സ്വീകരിക്കുവാൻ ഒരുങ്ങി നിന്നത് അയാൾക്ക് ഓർമ്മയുണ്ട്. ഇന്ന് പോംപെയെ തോല്പിച്ചപ്പോൾ അതെ ആൾക്കൂട്ടം തന്നോടൊപ്പം! കാറ്റത്തെ ഞാങ്കണ എന്ന ക്രിസ്തു കണ്ടെത്തിയ ഒരു വിശേഷണം അവർക്കു നന്നായി ചേരും.

കാഴ്ചയെ തടസ്സപ്പെടുത്തുന്ന എന്തോ ഒന്ന് ആൾക്കൂട്ടത്തിലുണ്ടെന്ന് ക്രിസ്തു ഭയന്നു. കാഴ്ച കണ്ണിന്റെ കാര്യമല്ലായെന്ന് ആർക്കാണറിയാത്തത്. കണ്ണുണ്ടായിട്ടും കാണാതെ പോകുന്ന തന്റെ കാലത്തെക്കുറിച്ച് അവൻ എത്ര നെടുവീർപ്പെട്ടു. ഒരാൾക്ക് കാഴ്ച കൊടുക്കേണ്ടി വരുമ്പോൾ അയാളെ ആൾക്കൂട്ടത്തിൽ നിന്ന് മാറ്റി നിർത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചു. ചിലപ്പോളാവട്ടെ കാഴ്ച കിട്ടിയവരോട് അതിലേക്ക് വീണ്ടും പ്രവേശിക്കരുതെന്ന് നിർദ്ദേശിച്ചു. എന്തെങ്കിലും ഒരു കാഴ്ചയുടെ പ്രകാശമുള്ളവർക്ക് അതിൽ നിന്ന് മാറി നടക്കാതെ തരമില്ല. ആൾക്കൂട്ടം എപ്പോഴും ഒരു സംഘത്തിന്റെ പര്യായമാകണമെന്നൊന്നുമില്ല. അത് ആഴമില്ലാത്ത നിലപാടുകളും ധ്യാനമില്ലാത്ത മമതകളും കൂടിച്ചേർന്ന് ഒരാളിൽ രൂപപ്പെടുത്തുന്ന നിലപാടാണ്. ഏകാന്തതയിൽ കൂട്ടിനെത്തുന്ന ചങ്ങാതിപോലും ചിലപ്പോൾ ആൾക്കൂട്ടത്തിനു വേണ്ടിയോ, പകരമായോ സംസാരിക്കുന്നതു കണ്ടിട്ടില്ലേ.

എല്ലാത്തരം അന്വേഷണങ്ങളോടും വിമുഖത പുലർത്തുകയാണ് അതിന്റെ പൊതുസ്വഭാവം. അകകണ്ണിൽ അവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് ചിലർ സുവിശേഷത്തിന്റെ ഇടനാഴിയിൽ നിന്ന് ഞങ്ങളിൽ കരുണയുണ്ടാവണമേ എന്ന് നിലവിളിക്കുമ്പോൾ നിശബ്ദരാകുകയെന്ന് അവർ വിലക്കും. സക്കേവൂസ് ആൾക്കൂട്ടത്തിനു മധ്യേ നിന്ന് ക്രിസ്തുവിനെ കാണാനാകാതെ വിവശനായെന്നത് പ്രതീകഭംഗിയുള്ള വിശദീകരണമാണ്. എല്ലാത്തരം അന്വേഷണങ്ങൾക്കും ദൈവാഭിമുഖ്യങ്ങൾക്കും തടയിടുകയാണ് പലപ്പോഴും അതിന്റെ ധർമ്മം. അവർ തീരെ അന്വേഷിക്കാതെയിരിക്കുന്നൊന്നുമില്ല. എന്നാൽ അതിന്റെ കാരണം ശുദ്ധവും നിർമ്മലവുമല്ല. അതുകൊണ്ടാണ് ആൾക്കൂട്ടം അവരെ തേടി വന്നപ്പോൾ അപ്പം ഭക്ഷിച്ചതുകൊണ്ടാണ് നിങ്ങൾ എന്നെ തിരഞ്ഞതെന്ന് ക്രിസ്തു ഭാരപ്പെട്ടത്. ഒരു കാരണവും ഇല്ലാതെ ദൈവത്തെ തിരയുന്ന ചെറു സമൂഹമാണല്ലോ അവന്റെ ഭാവനയിൽ.

ഒന്നോർത്താൽ ആൾക്കൂട്ടം, അവനെ തൊട്ടിട്ടുപോലുമില്ല, അവൻ അവരെയും. അതു പ്രകാശിപ്പിക്കാ നാണ് സുവിശേഷത്തിൽ ഇങ്ങനെയൊരു സംഭവം. ജനക്കൂട്ടത്തിൽപ്പെട്ടു പോകുമ്പോൾ പെട്ടന്ന് അവൻ വിളിച്ചു പറഞ്ഞു. ആരോ എന്നെ തൊട്ടിട്ടുണ്ട്. മറു ചോദ്യം കൊണ്ടാണ് അവന്റെ ശിഷ്യന്മാർ അവനെ നേരിട്ടത്. ആരാണ് നിന്നെ തൊടാത്തത് എന്ന അർത്ഥത്തിൽ. ഇല്ല സംഘങ്ങൾ അവനെ ഒരിക്കലും തൊടില്ല. തൊട്ടാലും അങ്ങോട്ടും ഇങ്ങോട്ടും ഒരു ചൈതന്യവും പ്രവഹിക്കുന്നുമില്ല. ആരോ ഒരാൾ തൊട്ടു – അവളാണ് ഞാൻ നിന്റെ വസ്ത്ര വിളുമ്പിലൊന്നു തൊട്ടുവെന്ന് പറഞ്ഞ് ഹർഷം കൊണ്ടു വാവിട്ടു കരയുന്നത്. യഹൂദരുടെ ശുദ്ധാശുദ്ധികളുടെ ചട്ടമനുസരിച്ച് കഴിഞ്ഞ ഒരു വ്യാഴ വട്ടമായി ദേവാലയത്തിൽ പോകാൻ പോലും അനുവാദമില്ലാത്ത ഒരുവളാണ് അവളെന്നോർക്കണം.

ചില പാഠങ്ങൾ അവൻ സങ്കീർണ്ണമാക്കിയതും മറ്റു ചിലപ്പോൾ കഠിനമാക്കിയതും ആൾക്കൂട്ടത്തിൽ നിന്ന് അകലം സൂക്ഷിക്കാനായിരുന്നു. കഥകൾ പറഞ്ഞതുപോലും നിങ്ങൾക്ക് മനസ്സിലാവാനും മറ്റുള്ളവർക്ക് മനസ്സിലാകാതിരിക്കാനും വേണ്ടിയാണെന്ന് അവൻ വിശദീകരിച്ചു. ഏത് ആൾക്കൂട്ടത്തിലും ചെവിയിൽ മന്ത്രിക്കുവാൻ അവൻ സ്വീകരിച്ച മാർഗ്ഗമായിരുന്നു ഉപമകൾ. വലിയൊരു ആൾക്കൂട്ടം അവനെ അനുഗമിച്ചപ്പോഴാണ് സകലരെയും സകലതിനെയും ഉപേക്ഷിച്ച് എന്നെ പിൻചെല്ലുക എന്നു പറഞ്ഞ് അവരെ നടുക്കിയതും അകറ്റിയതും. ഒരു ചെമ്പുതുട്ടുപോലും വേണ്ടെന്നു വയ്ക്കുവാൻ കെല്പുള്ളവരല്ല അവരെന്ന് അവനറിയാം. തന്റെ ശരീരം ഭക്ഷിക്കുന്നവർ ജീവിക്കുമെന്ന് പറയുമ്പോൾ വലിയൊരു ജനക്കൂട്ടം കൂടെയുണ്ടായിരുന്നുവെന്ന് യോഹന്നാൻ ഓർമ്മിപ്പിക്കുന്നു. ഈ പാഠങ്ങൾ കഠിനമാണെന്ന് പറഞ്ഞാണവർ പിരിഞ്ഞത്. ഒടുവില ശേഷിച്ചത് ആ പന്ത്രണ്ടേ പന്ത്രണ്ടു പേരാണ്. അവരോടും നിങ്ങളും പോകുന്നുണ്ടോ എന്നാണവൻ ആരാഞ്ഞത്. ആ ചെറിയ അജഗണം മതിയവന്. ഇടുങ്ങിയ വഴിയും വാതിലുമാണ് താനെന്ന് അവർക്ക് അവൻ വെളിപ്പെടുത്തുന്നു. ഇടുങ്ങിയ വഴിയെന്നു വച്ചാൽ തീരെ ചവിട്ടാത്തെ വഴിയെന്നു പോലും അർത്ഥമുണ്ടെത്രെ. ഒരാൾ പോലും മുമ്പേ നടന്നിട്ടില്ല. നടന്ന് നടന്ന് കല്ലിനും മുള്ളിനും ഇടയിലൂടെ നീ രൂപപ്പെടുത്തിയതാണ്.

അത്ഭുതങ്ങളോട് ക്രിസ്തു പുലർത്തിയ നിരുന്മേഷം പോലും ആൾക്കുട്ടത്തോട് അവൻ പുലർത്തിയ വിയോജിപ്പുകളുടെ ഭാഗമാണ്. തന്റെ കർമ്മകാണ്ഠത്തിന്റെ രണ്ടാം ഭാഗത്ത് അവിടുന്ന് തീരെ അതിൽ താല്പര്യപ്പെട്ടില്ല. അത്ഭുതങ്ങളെ അടയാളമായി കാണാനുള്ള പ്രകാശമൊന്നും ഒരു പൊതു സമൂഹത്തിനില്ല. മോശ ഉയർത്തിയ പിച്ചള സർപ്പത്തിന് സംഭവിച്ചതുപോലെ. അടയാളവും പൊരുളും തമ്മിൽ വേർതിരിക്കാൻ ആകാത്തതുകൊണ്ട് ഹെസക്കിയേൽ രാജാവിനത് ഒടുവിൽ നശിപ്പിക്കേണ്ടതായി വന്നു (2 രാജാ.18/4). ചില സ്വാഭാവിക പ്രതിഭാസങ്ങളെപ്പോലും അത്ഭുതമെന്നു കരുതി അതിനുപിന്നാലെ പായുന്ന പുതുകാലത്തിലെ വിശ്വാസികളെ ഓർത്തിട്ടാവണം ഞാൻ വീണ്ടും വരുമ്പോൾ ഭൂമിയിൽ വിശ്വാസമുണ്ടായിരിക്കണമെന്നും ക്രിസ്തു ഭാരപ്പെട്ടത്.

ഇബ്സന്റെ ബ്രാന്റ് എന്നൊരു നാടകമുണ്ട്. അതേ പേരിലുള്ള പുരോഹിതനാണ് മുഖ്യകഥാപാത്രം. മലമുകളിലുള്ള ഒരു ദേവാലയമുണ്ട്. അവിടേക്ക് അയാൾ ഒരു ജനക്കൂട്ടവുമായി നീങ്ങുകയാണ്. യാത്ര നീളുന്നു. അതിനനുസരിച്ച് ആൾക്കൂട്ടത്തിന്റെ അസംതൃപ്തി വർദ്ധിക്കുന്നു. അവർ പരിഹസിക്കുകയും എന്തിനു പരിക്കേൽപ്പിക്കുകപോലും ചെയ്യുന്നു അയാളെ. അതിനിടയിലാണ് ആരോ ആ സുവിശേഷം പറഞ്ഞത്. പുഴയിൽ ഊത്ത ഇളകിയിരിക്കുന്നു. അതോടുകൂടി ജനക്കൂട്ടത്തിന്റെ യാത്ര അവസാനിച്ചു. അവർ സാൽമൺ മീനുകളെ തേടി പുഴയിലേക്ക് പാഞ്ഞു. ബ്രാന്റ് മോശയോ ക്രിസ്തുവോ ആരുമാവാം. ആ സ്വർണ്ണകാളക്കുട്ടിയുടെ കഥയെന്താണ്. ഒറ്റയ്ക്ക് യാത്ര ചെയ്യുവാൻ തയ്യാറായവരെ കാത്ത് മലമുകളിൽ ചില ദൈവാനുഭവങ്ങളൊക്കെ നില്പ്പുണ്ട്. കഠിനമായ വഴികൾക്ക് ഹൃദയം പതിച്ചു നല്കാത്ത ആൾക്കൂട്ടത്തിനും ചില ദൈവങ്ങളെ ആവശ്യമുണ്ട്. അതുകൊണ്ട് അവർ സ്വർണ്ണക്കാളക്കുട്ടികളെ രൂപപ്പെടുത്തുന്നു. അതിനെ പ്രദക്ഷിണം വച്ച് പ്രണമിക്കുന്നു. കാനാൻ ദേശം അല്ല അവർക്കു പ്രധാനം. കൈവിട്ടുപോന്ന ഈജിപ്തിലെ ഇറച്ചിക്കലങ്ങളത്രെ.

ഒടുവിൽ ആൾക്കൂട്ടത്തിന്റെ ഇരയായവൻ. അവൻ മരണയോഗ്യനെന്ന് കണ്ടെത്തിയത് അവരായിരുന്നു. ഒന്നു രക്ഷിക്കാനുള്ള പീലാത്തോസിന്റെ ശ്രമം പോലും പാളം തെറ്റിച്ചുവിട്ടത് അവരായിരുന്നു – ഞങ്ങൾ ബറാബാസിനെ മതി. ആ ഒരൊറ്റ വാക്കിന്റെ അപഗ്രഥനം മതി ആൾക്കൂട്ടം തിരിച്ചറിയുവാൻ. അതിന്റെ ആരവങ്ങൾക്കിടയിൽ സുകൃതങ്ങളുടെ നിലനില്പ്പ് പരുങ്ങലിലാകുന്നു. ഒന്നോ ഒന്നോ രണ്ടോ പേർ മറിച്ച് വിചാരിക്കുന്നുണ്ടാകും. എന്നാൽ അവരുടെ ശബ്ദം നേർത്തു നേർത്തു പോകേണ്ടതുണ്ട്.

എന്നിട്ടും ആൾക്കൂട്ടത്തോട് അവൻ പുലർത്തിയ സ്ഥായിയായ വികാരം അനുകമ്പയായിരുന്നു. ഇടയനില്ലാത്ത ആടിനെപ്പോലെ അവന് അവരെ അനുഭവപ്പെട്ടു. ആരുടെ കുഴലൂത്തിനെയും അതുകൊണ്ടുതന്നെ അവർ അനുഗമിച്ചേക്കും. ഹാമിലിൻ നഗരത്തിലെ കുഴലൂത്തുകാരന്റെ പിന്നാലെ കുഞ്ഞുങ്ങളെപ്പോലെ...

അവൻ പ്രാർത്ഥിച്ചത് അവർക്കുവേണ്ടിയായിരുന്നു – പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല അജ്ഞതയുടെ കാണാച്ചരടിൽ നിന്ദിക്കപ്പെടുന്ന ഒരു സമൂഹത്തിനുവേണ്ടി കരുണാർദ്രമായ ചില പ്രാർത്ഥനകൾ ഉണ്ടാവുകയാണ് പ്രധാനം. ഒപ്പം നിരന്തരമായ ഓട്ടോസജഷന് ജീവിതത്തെ വിധേയപ്പെടുത്തണം. പുറത്തുനിന്ന് വരുന്ന ഒന്നിനും നിന്നെ അശുദ്ധനാക്കാനാവില്ല എന്ന ക്രിസ്തുമൊഴി ചെവിട്ടോർമ്മ പോലെ മനസ്സിനോടാവർത്തിക്കണം.

ലോകവും ശിഷ്യനും തമ്മിൽ വിപത്ക്കരമായ ചില മത്സരങ്ങളിലാണെന്ന് യോഹന്നാന്റെ സുവിശേഷത്തിലൂടെ ക്രിസ്തു നിരന്തരം ഓർമ്മിപ്പിക്കുന്നുണ്ട്. ലോകം ആൾക്കൂട്ടത്തിന്റെ പര്യായമാണ്. ക്രിസ്തുവൊഴികെ എന്തിനെയും കേന്ദ്രബിന്ദുവാക്കി ജീവിക്കുന്ന ഒരു സമൂഹത്തിനുവേണ്ടിയാണ് യോഹന്നാൻ ആ പദം കണ്ടെത്തിയത്. അതുകൊണ്ട് മടങ്ങിപ്പോകുന്നതിന്റെ തലേരാവുകളിൽ അവനിങ്ങനെ പ്രാർത്ഥിക്കും : പിതാവേ, ഇവരെ ഈ ലോകത്തിൽ നിന്ന് എടുക്കാനല്ല, ലോകത്തെ ജയിക്കാനുള്ള ബലം കൊടുക്കണമേ. താമരപ്പൂപോലെ വിരിയുക എന്നു സാരം. എത്ര ചേറിലായിരിക്കുമ്പോഴും അതിനു മീതെ. ഒരു ദളത്തിൽ പോലുമല്ല ചേറിന്റെ സാന്നിധ്യം. എന്നാൽ ഓരോ ദളത്തിലുമുണ്ട് ഗുരുപ്രസാദത്തിന്റെ ആ പുലരിമഞ്ഞ്.